പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം.286

19.07.2016 ൽ മറുപടിയ്ക്ക്

## സമ്പൂർണ്ണ ഓൺലൈൻ സേവനം ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. കെ. എസ്. ശബരീനാഥൻ<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. കെ. ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഐ.കെ.എം സോഫ്ട് വെയറിലൂടെ പഞ്ചായത്തുകളിൽ നിന്നും സമ്പൂർണ്ണ ഓൺലൈൻ സേവനം ലഭ്യമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പാക്കിയത്; വിശദമാക്കുമോ; | എ) കേരള മുനിസിപ്പൽ ആക്റ്റും പഞ്ചായത്ത് രാജ് ആക്റ്റും പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിനു വേണ്ടി 16 സോഫ്റ്റ് വെയറുകൾ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിക്കുകയും വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് സമ്പൂർണ്ണ ഓൺലൈൻ സേവനം നൽകുന്നതിനു വേണ്ടി സുരേഖ എന്ന വെബ് അധിഷ്ഠിത ആപ്ലിക്കേഷനും സമഗ്ര എന്ന മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിച്ച് ഉപയോഗിച്ച് വരുന്നുണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) ഗ്രാമപഞ്ചായത്തുകളെ കമ്പ്യൂട്ടർവൽക്കരിച്ച് അവിടെ നിന്നു ലഭ്യമാകുന്ന എല്ലാ സേവനങ്ങളും പൗരന്മാർക്ക് ഓൺലൈനായി ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം. ഇതിന്റെ ഭാഗമായി ജനനമരണ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ 1970 നു ശേഷമുള്ളവ ഓൺലൈൻ ആയി ലഭിക്കുന്നുണ്ട്. ഓൺലൈനായി രജിസ്റ്റർ ചെയ്ത വിവാഹങ്ങളുടെ ഓൺ ലൈൻ സർട്ടിഫിക്കറ്റുകൾ ഡേറ്റാ എൻട്രി നടത്തിയ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്നു. വസ്തു നികുതി ഓൺലൈൻ |

ആയി അടക്കാനും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് പ്രിന്റു ചെയ്യാനും ഉള്ള സൗകര്യം കുറേയേറെ ഗ്രാമപഞ്ചായത്തുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ ഓൺലൈനായി നൽകാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. സാമൂഹ്യക്ഷേമ പെൻഷനുകളുടെ ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ വെബ് സൈറ്റിൽ ലഭ്യമാണ്.

സി) ഇതു നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

സി) ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ സോഫ്ട് വെയറുകൾ ഗ്രാമപഞ്ചായത്തുകളിൽ പൂർണ്ണതോതിൽ ഉപയോഗപ്പെടുത്തുന്നതിന് സ്ഥിരമായ മേൽനോട്ടവും അവലോകനവും ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും നടക്കുന്നുണ്ട്. ഇൻഫർമേഷൻ കേരള മിഷനിലുള്ള ഹെൽപ്പ് ഡെസ്ക് വഴി ഇതു സംബന്ധിച്ച സംശയങ്ങൾ ദുരീകരിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ഗ്രാമപഞ്ചായത്ത് ജീവനക്കാരും ഇൻഫർമേഷൻ കേരള മിഷൻ പ്രതിനിധികളും ചേർന്ന് ശില്പശാലകൾ നടന്നുവരികയാണ്. ഇതിൽ നിന്നുള്ള നിർദ്ദേശങ്ങൾ സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

(ഒപ്പ്)

സെക്ഷൻ ഓഫീസർ